# കേരള സർവകലാശാല

നം. പി.ആർ.076/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റി

കേരള സർവകലാശാല ഏപ്രിൽ ആറിന് നടത്താനിരുന്ന പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. ഏപ്രിൽ ആറിന് നടത്താനിരുന്ന അവസാന വർഷ ബി.കോം പാർട്ട് മൂന്ന് ആന്വൽ സ്കീം പേപ്പർ 10 ബാങ്കിംഗ് ലോ ആന്റ് പ്രക്ടീസ് പരീക്ഷ ഏപ്രിൽ ഏഴ് വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് 2.00 മുതൽ 5.00 വരെ നടക്കും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. ഏപ്രിൽ ആറിന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ് വൈവ വോസി പരീക്ഷ കൾ ഏപ്രിൽ ഏഴിന് നടക്കും. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

### ബി.എസ്.സി മാത്തമാറ്റിക്സ് മെയിൻ പരീക്ഷ മാറ്റി

കേരള സർവകലാശാല ഏപ്രിൽ 24-ന് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ബി.എസ്.സി ആന്വൽ സ്കീം പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ പേപ്പർ ഒന്ന് പരീക്ഷ ഏപ്രിൽ 28-ന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും.

### ബി.എ സബ്സിഡിയറി പരീക്ഷ മാറ്റി

കേരള സർവകലാശാല ഏപ്രിൽ 24-നും, 25-നും നടത്താനിരുന്ന ബി.എ ആന്വൽ സ്കീം സബ്സിഡിയറി പരീക്ഷകൾ യഥാക്രമം മെയ് അഞ്ചിനും എട്ടിനും നടക്കും.

### പോസ്റ്റ് ഡോക്ടറൽ ഫെലോ: അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോ ഇൻഫർമാറ്റിക്സിലെ എസ്.ഐ.യു.സി.ഇ.ബി പ്രൊജക്ടിലേക്ക് പോസ്റ്റ് ഡോക്ടറൽ ഫെലോ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് (www.dcb.res.in) എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### ക്ലാസുകൾ ഇല്ല

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ക്ലാസുകൾ നാളെ (ഏപ്രിൽ ആറ്) ഉണ്ടായിരിക്കുന്നതല്ല.

### എം.എസ്സി കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (റഗുലർ & സപ്ലിമെന്ററി) പ്രാക്ടിക്കൽ സോഫ്റ്റ്‌വെയർ ലാബ് III ആന്റ് കേസ് സ്റ്റഡി III പരീക്ഷ ഏപ്രിൽ 10,11 തീയതികളിലും രണ്ടാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (സപ്ലിമെന്ററി) പ്രാക്ടിക്കൽ സോഫ്റ്റ്‌വെയർ ലാബ് II ആന്റ് കേസ് സ്റ്റഡി II പരീക്ഷ ഏപ്രിൽ 12-നും നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എച്ച്.എ/പി.ജി.ഡി.എച്ച്.എച്ച്.എ സപ്ലിമെന്ററി പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം മെയ് രണ്ട് മുതൽ നടത്തുന്ന ഒന്നാം വർഷ എം.എച്ച്.എ/പി.ജി.ഡി.എച്ച്.എച്ച്.എ സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 10 (50 രൂപ പിഴയോടെ ഏപ്രിൽ 12, 125 രൂപ പിഴയോടെ ഏപ്രിൽ 15) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി കമ്പ്യൂട്ടർ സയൻസ് റെക്കോർഡ് സമർപ്പിക്കണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് ലാബ് റെക്കോർഡ്, കേസ് സ്റ്റഡി റിപ്പോർട്ട്, ഡെമോൺസ്ട്രേഷൻ എന്നിവ ഏപ്രിൽ 11-ന് എസ്.ഡി.ഇ, പാളയം സർവകലാശാല കാമ്പസിൽ സമർപ്പിക്കേണ്ടതാണ്.

## ബി.എ വൈവ വോസി പരീക്ഷ മാറ്റി

കേരള സർവകലാശാല ഏപ്രിൽ 10-ന് നടത്താനിരുന്ന സി.ബി.സി.എസ് ആറാം സെമസ്റ്റർ ബി.എ വൈവ വോസി പരീക്ഷകൾ ഏപ്രിൽ 12-ന് നടക്കും. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

തിരുവനന്തപുരം.
05.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098